## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *65 — 20.3.2013-ലെ മറുപടിക്ക്

## 'മാനസികാരോഗ്യനയം'

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. എം. ഉമ്മർ<br>ശ്രീ. പി. ബി. അബ്ദുൾ റസാക്<br>ശ്രീ;കെ. എം. ഷാജി | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) മാനസികാരോഗ്യനയം ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നല്കുമോ; | എ) ആവിഷ്ക്കരിച്ചിട്ടുണ്ട്. 2000-ൽ നിലവിൽ വന്നു. സംസ്ഥാന മാനസികാരോഗ്യ മേഖല ആസൂത്രണവും പരിപാടിയും നടപ്പിലാക്കുമ്പോൾ പരിഗണിക്കേണ്ട ദീർഘകാല ലക്ഷ്യങ്ങളും താൽക്കാലിക ലക്ഷ്യങ്ങളും, നിലവിലുള്ള പരിസ്ഥിതി പ്രശ്നങ്ങളും സേവനത്തിൽ വരുത്തേണ്ട മാറ്റങ്ങളും, മാനസികാരോഗ്യ രംഗം ആസൂത്രണം ചെയ്യുമ്പോൾ സ്വീകരിക്കേണ്ട തത്വങ്ങൾ, മാനസികാരോഗ്യ പരിപാടികൾ നടപ്പിലാക്കുമ്പോൾ സ്വീകരിക്കേണ്ട സമീപനം, വിവിധ മേഖലകളുമായുള്ള സഹകരണവും ക്രോഡീകരണവും, മാനസികാരോഗ്യ ചികിത്സാ രംഗത്തെ ഗവേഷണം പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത തുടങ്ങിയവയാണ് ഈ പോളിസിയിൽ വിശദീകരിച്ചിട്ടുള്ളത്. മനോരോഗ ചികിത്സാ രംഗത്ത് നിലവിലുള്ള മാനസികാരോഗ്യ ചികിത്സാ കേന്ദ്രങ്ങളുടേയും സാമൂഹികാധിഷ്ഠിത ചികിത്സാ മാർഗ്ഗങ്ങളേയും സംയോജിപ്പിക്കുക എന്നതാണ് പ്രധാനപ്പെട്ട ദീർഘകാല ലക്ഷ്യം. ഇപ്പോൾ സംസ്ഥാനത്ത് നിലവിലുള്ള മാനസികാരോഗ്യ ചികിത്സാ സൗകര്യങ്ങളുടെയും ഇന്ന് നിലനിൽക്കുന്ന സാമൂഹ്യ സാമ്പത്തിക മാനസികാരോഗ്യ പ്രശ്നങ്ങളുടെയും പശ്ചാത്തലത്തിൽ ഈ മാനസികാരോഗ്യ നയം കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് ഒരു ഉന്നതാധികാര സമിതിയെ 2012-ൽ സർക്കാർ നിയോഗിച്ചു. ടി സമിതി നിലവിലുള്ള സാമൂഹ്യ മാനസികാരോഗ്യ പശ്ചാത്തലം വിലയിരുത്തി കാലോചിതമായ മാറ്റങ്ങൾ വരുത്തി പുതിയ മാനസികാരോഗ്യ നയത്തിന്റെ കരട് സർക്കാരിൽ സമർപ്പിച്ചു. ഇത് സർക്കാർ പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| ബി) | സർക്കാർ/സർക്കാരിതര മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കാൻ നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ ; | ബി) | 1987 -ലെ മെന്റൽ ഹെൽത്ത് ആക്ടിന്റെ സെക്ഷൻ (4) പ്രകാരം 1993-ൽ കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. 1993-ൽ ഇതു നിലവിൽ വന്നു. സർക്കാർ/ സർക്കാരിതര മാനസികാരോഗ്യ ചികിത്സാ കേന്ദ്രങ്ങളുടെ നിയന്ത്രണം, വികസനം, ഏകോപനം എന്നിവ ഈ അതോറിറ്റിയുടെ ഉത്തരവാദിത്വമാണ്. ഈ അതോറിറ്റി സംസ്ഥാനത്ത് ഫലപ്രദമായി പ്രവർത്തിച്ചു വരുന്നു. സർക്കാർ തലത്തിലുള്ള മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിലേയ്ക്കായി ബഹു:മാനപ്പെട്ട ഹൈക്കോടതിയുടെ മേൽനോട്ടത്തിൽ ജില്ലാജഡ്ജി ചെയർമാനായുള്ള മൂന്നംഗ മോണിറ്ററിംഗ് കമ്മിറ്റികൾ 3 സർക്കാർ മാനസികാരോഗ്യ കേന്ദ്രങ്ങളിലും പ്രവർത്തിച്ചു വരുന്നു. മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനായി മെന്റൽ ഹെൽത്ത് ആക്റ്റിന്റെ സെക്ഷൻ 37 പ്രകാരം ബോർഡ് ഓഫ് വിസിറ്റേഴ്സ് രൂപീകരിച്ചിട്ടുണ്ട്. <u>സർക്കാരിതര</u> മാനസികരോഗ ചികിത്സാ കേന്ദ്രങ്ങൾ മെന്റൽ ഹെൽത്ത് ആക്ടിലെ വ്യവസ്ഥകൾക്കും 2012 -ലെ കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് റൂൾസിലേയും വ്യവസ്ഥകൾക്കും അനുസരിച്ച് ലൈസൻസ് എടുക്കേണ്ടതുണ്ട്. ഇത്തരം സ്ഥാപനങ്ങൾക്കും മെന്റൽ ഹെൽത്ത് ആക്റ്റിന്റെ സെക്ഷൻ 37 പ്രകാരമുള്ള ബോർഡ് ഓഫ് വിസിറ്റേഴ്സ് രൂപീകരിക്കേണ്ടതാണ്. സംസ്ഥാന സർക്കാരിന്റെയോ, ലൈസൻസിംഗ് അതോറിറ്റിയുടെയോ നിർദ്ദേശ പ്രകാരം ഇത്തരം കേന്ദ്രങ്ങളുടെ പ്രവർത്തനം പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനും മെന്റൽ ഹെൽത്ത് ആക്റ്റിന്റെ സെക്ഷൻ 13 പ്രകാരം ജില്ലാടിസ്ഥാനത്തിൽ നിയോഗിച്ചിട്ടുള്ള സൈക്യാട്രിക് ഇൻസ്പെക്റ്റിംഗ് ഓഫീസർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| സി) | സ്വകാര്യ മാനസികാരോഗ്യ കേന്ദ്രങ്ങൾക്ക് ലൈസൻസിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദാംശം നല്കാമോ; | സി) | ഏർപ്പെടുത്തിയിട്ടുണ്ട്. സ്വകാര്യ മനോരോഗ ചികിത്സാ കേന്ദ്രങ്ങൾ 1987 -ലെ മെന്റൽ ഹെൽത്ത് ആക്ടിലെ വ്യവസ്ഥകൾക്കും 2012 -ലെ കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് റൂൾസിലെ വ്യവസ്ഥകൾക്കും അനുസൃതമായി ലൈസൻസ് എടുക്കേണ്ടതുണ്ട്. 194 സ്ഥാപനങ്ങൾ നാളിതുവരെ ലൈസൻസിനായി അപേക്ഷിച്ചിട്ടുണ്ട്. ഇൻസ്പെക്ഷനുവേണ്ടി ഇൻസ്പെക്റ്റിംഗ് ഓഫീസർമാർക്ക് അലോട്ട് ചെയ്തിട്ടുള്ളതിൽ 156 സ്ഥാപനങ്ങളുടെ ഇൻസ്പെക്ഷൻ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. പരിശോധനയിൽ നിയമാനുസൃതമായ സൗകര്യങ്ങൾ ലഭ്യമാണെന്ന് കണ്ടെത്തിയ 16 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിക്കഴിഞ്ഞു. മറ്റ് 16 സ്ഥാപനങ്ങൾ കൂടി ലൈസൻസിന് അർഹരായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്ത സ്ഥാപനങ്ങളിൽ സമയ ബന്ധിതമായി ഇവ ലഭ്യമാക്കുവാൻ ടി സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അനുവദിക്കപ്പെട്ട സമയത്തിനുള്ളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാത്ത സ്ഥാപനങ്ങളുടെ പേരിൽ നടപടികൾ കൈക്കൊണ്ടു വരുന്നു. ഇനിയും ലൈസൻസിനപേക്ഷിച്ചിട്ടില്ലാത്ത സ്ഥാപനങ്ങളുടെ |

വിശദാംശങ്ങൾ ശേഖരിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ആഭ്യന്തര വകുപ്പ് എന്നിവയുടെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| ഡി) | പ്രാകൃത ചികിത്സാ മുറകൾ ഇപ്പോഴും മാനസികാരോഗ്യ കേന്ദ്രങ്ങളിൽ തുടർന്നു വരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതില്ലാതാക്കാൻ നടപടി സ്വീകരിക്കുമോ ? | ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആധുനിക വൈദ്യശാസ്ത്ര തത്വങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമായ എല്ലാ ആധുനിക ചികിത്സകളും സംസ്ഥാനത്തുള്ള മാനസികാരോഗ്യ ചികിത്സാ കേന്ദ്രങ്ങളിൽ നൽകിവരുന്നു. ഇലക്ട്രിക് ഷോക്ക് ചികിത്സ പോലെയുള്ള ഫലപ്രദമായ ചികിത്സയെപ്പറ്റി പൊതുജനങ്ങളുടെ ഇടയിൽ നിലനിൽക്കുന്ന തെറ്റിദ്ധാരണകൾ മൂലമാണ് പ്രാകൃത ചികിത്സാ മുറകൾ ഇപ്പോഴും നിലവിലുണ്ട് എന്ന പരാതിക്ക് അടിസ്ഥാനം. ഇൻസുലിൻ, കോമ പോലെയുള്ള പ്രാകൃത ചികിത്സാ രീതികൾ ഇപ്പോൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ